(ഡി) കേന്ദ്ര പൊതുമേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ആരംഭിച്ച പദ്ധതികളും അവയുടെ മുതൽമുടക്കും താഴെ ചേർക്കുന്നു :

പദ്ധതികൾ	മുതൽ മുടക്ക് (തുക കോടിയിൽ)
ബി.പി.സി.എൽ.-കൊച്ചി റിഫൈനറിയുടെ വികസന പദ്ധതി	- 12,000
ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി (കൊച്ചി-മാംഗ്ലൂർ-ബാംഗ്ലൂർ)	- 3,000
നിർദ്ദേശ് പദ്ധതി, കോഴിക്കോട്	- 200

വ്യവസായികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികൾ

287 (636) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പരിപാടികൾ എവിടെയൊക്കെയാണ് നടത്തിയത് എന്നും എന്തൊക്കെ പരിപാടികളായിരുന്നു എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) ഇതിൽ ഓരോ പരിപാടിക്കും സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും ചെലവഴിച്ച തുക എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനുമുള്ള ഒരു സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനുവേണ്ടി എമർജിംഗ് കേരള, കെ.എസ്.ഐ.ഡി.സി. മുഖേന സർക്കാർ നടത്തിയിട്ടുണ്ട്. ഇതുവഴി കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും, സംസ്ഥാനത്ത് വ്യവസായ വളർച്ച കൈവരിക്കാനും സാധിച്ചിട്ടുണ്ട്. 2012

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള സംഗമത്തിൽ ടൂറിസം, സയൻസ് & ടെക്നോളജി, പോർട്ട്, തദ്ദേശസ്വയംഭരണം ഊർജ്ജം, ഇൻഫർമേഷൻ ടെക്നോളജി, വിദ്യാഭ്യാസം, ഭക്ഷ്യ സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി പ്രത്യേക സമ്മേളനങ്ങളും നടത്തിയിരുന്നു. ഇതു കൂടാതെ പ്രസ്തുത സംഗമത്തിൽ മുകളിൽ പറഞ്ഞ മേഖലകളിലെ വിവിധ നിക്ഷേപ പദ്ധതികളെപ്പറ്റി ചർച്ചകളും അവലോകന യോഗങ്ങളും നടത്തുകയുണ്ടായി.

സംസ്ഥാനത്തെ വിദ്യാർത്ഥികളിലും യുവജനങ്ങളിലും സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി 2014 സെപ്റ്റംബർ 12-ന് യുവസംരംഭകത്വ സംഗമം സംഘടിപ്പിച്ചു. വിദ്യാർത്ഥി യുവ സമൂഹത്തിൽ സംരംഭകത്വ ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള അനുകൂലസാഹചര്യം ഒരുക്കുക, അഭ്യസ്തവിദ്യരായ യുവ ജനതയെ, തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കുക മുതലായ ഉദ്ദേശ്യങ്ങളോടുകൂടിയാണ് പ്രസ്തുത യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം വ്യവസായികളെ ആകർഷിക്കുന്നതിനായി സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി, ബ്ലോക്ക് താലൂക്ക് മുനിസിപ്പാലിറ്റി, ജില്ലാ സംസ്ഥനതലങ്ങളിൽ നടത്തിവരുന്നു. കൂടാതെ 2015 ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ വച്ച് നടന്ന ബിസിനസ് ടു ബിസിനസ് മീറ്റ് 2015 വഴി സംസ്ഥാനത്തിനകത്തും പുറത്തമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു. ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, നഗരസഭാ തലങ്ങളിൽ ബോധവൽക്കരണ ശിൽപ്പശാലകൾ സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും Investor Meet, EDP,TC, Skill Development വ്യവസായ പ്രദർശനവും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട്, എന്നീ നാല് ജില്ലകളിൽ മെഷിനറി പ്രദർശനവും സംഘടിപ്പിക്കുകയുണ്ടായി. ഡൽഹിയിൽ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്തു. KSSIA യുമായി ചേർന്ന് വ്യവസായ സംഗമം നടത്തി. BLBC, SLBC മുതലായ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായികളെ ആകർഷിക്കുന്നതിനുവേണ്ടി കിൻഫ്ര സംഘടിപ്പിച്ച/പങ്കെടുത്ത പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പരിപാടി	സംഘടിപ്പിച്ച സ്ഥലം
നോളഡ്ജ് എക്സ്പോ 2014	ന്യൂഡൽഹി
ഐ.ഇ.എസ്.എ. സമ്മിറ്റ് 2015	ബാംഗ്ലൂർ
പ്രവാസി ഭാരതീയ ദിവസ് 2015	ഗുജറാത്ത്
ഗ്ലോബൽ അഗ്രോ മീറ്റ്	കൊച്ചി
ടൈകോൺ കേരള 2014	കൊച്ചി

(സി) കെ.എസ്.ഐ.ഡി.സി. എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി ഇതുവരെ 19.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. യെസ് സംഗമത്തിലേക്കായി 1.70 കോടി രൂപ ചെലവഴിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, മുഖാന്തരം എല്ലാ ജില്ലകളിലും ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, നഗരസഭാ തലങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, ടെക്നോളജി ക്ലിനിക്കുകൾ, വ്യവസായ സെമിനാറുകൾ എന്നിവയ്ക്കായി 92.15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ജില്ലകളിൽ സ്മിൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നടത്തിപ്പിനായി 56.56 ലക്ഷം രൂപയും വ്യവസായ പ്രദർശനത്തിനായി 21 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ നാല് ജില്ലകളിൽ മെഷിനറി പ്രദർശനത്തിനായി 20 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2015-ലെ ബിസിനസ് ടു ബിസിനസ് മീറ്റിന്റെ നടത്തിപ്പിനായി ഇതിൽ സഹകരിച്ച വിവിധ ഏജൻസികൾക്കെല്ലാം കൂടി ഏകദേശം 2 കോടി രൂപ ചെലവായിട്ടുണ്ട്. കിൻഫ്ര സംഘടിപ്പിച്ച/പങ്കെടുത്ത പരിപാടികൾക്ക് ചെലവായ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു :

പരിപാടി	ചെലവഴിച്ച തുക (ലക്ഷത്തിൽ)
നോളഡ്ജ് എക്സ്പോ 2014	2.50
ഐ.ഇ.എസ്.എ. സമ്മിറ്റ് 2015	1.25
പ്രവാസി ഭാരതീയ ദിവസ് 2015	10.00
ഗ്ലോബൽ അഗ്രോ മീറ്റ്	20.00
ടൈകോൺ കേരള 2014	5.00

LIBRARY ARCHIVES Kerala Legislative Assembly